ഖുത്വ്ബ നമ്പർ

**31**

**02-08-2013**

بسم الله الرحمن الرحيم ○ نحمده ونصلى على رسوله الكريم ○ وعلىٰ عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം.നാസിർ അഹ്മദ്, കൊടിയത്തൂർ**

# വിശുദ്ധ ഖുർആന്റെ കല്പനകൾ സമൂഹനന്മക്ക്

കഴിഞ്ഞ ഖുത്വുബയിൽ സൂറ അൻആമിലെ 152,153 ആയത്തുകളുടെ അടിസ്ഥാനത്തിൽ അതിലെ കല്പനകൾ ഞാൻ വിവരിച്ചിരുന്നു. അന്ന് മൂന്ന് കല്പനകളെക്കുറിച്ചാണ് പറഞ്ഞിരുന്നത്. ശിർക്കിൽ നിന്നും രക്ഷപ്പെടുക. മാതാപിതാക്കളോട് കാരുണ്യത്തോടെ വർത്തിക്കുക. മക്കളുടെ തർബിയ്യത്ത് കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കുക എന്നിവയാണവ. ഈ ആയത്തുകളിലെ ബാക്കിയുള്ള കല്പനകളെ കുറിച്ചാണ് ഇന്ന് വിവരിക്കുന്നത്.

അല്ലാഹു പറയുന്നു: مَا حَرَّمَ رَبُّكُمْ عَلَيْكُمْ "നിങ്ങളുടെ നാഥൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയ കല്പനകളെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ കല്പനകളെ കുറിച്ച് അൽപം വിശദീകരിക്കുന്നതാണ്. ഞാൻ നേരത്തെ കേൾപ്പിച്ചിരുന്ന ആയത്തുകളിലെ കല്പനകളുടെ വിവരണം ഇന്നത്തോടു കൂടി അവസാനിക്കില്ല.

അതിൽ വിവരിച്ച നാലാമത്തെ കല്പന وَلَا تَقْرَبُوا الْفَوَاحِشَ مَا ظَهَرَ مِنْهَا وَمَا بَطَنَ എന്നതാണ്. "നീചകൃത്യങ്ങളുടെ സമീപത്തു കൂടി പോകരുത്. പ്രത്യക്ഷമായ നീചകൃത്യമായാലും ശരി, പരോക്ഷമായ നീചകൃത്യമായാലും ശരി." ഈ ഒരു കല്പനയിൽ വിവിധ തരത്തിലുള്ള നീച കൃത്യങ്ങളിൽ നിന്നും തിന്മകളിൽ നിന്നും തടയുകയാണ് ചെയ്തത്. **ഫഹ്ശാഅ്** എന്നതിന് വിവിധ അർത്ഥങ്ങളുണ്ട് അതിന്റെ ഒരർത്ഥം വ്യഭിചാരം എന്നുണ്ട്. അതിക്രമത്തിൽ മുന്നേറുക, ധാർമ്മികതയിൽ നിന്നും തരം താണ സ്വഭാവം, വിവിധ തരം പാപം, പൈശാചിക പ്രവർത്തനം, ഏതു തരം ദുഷ്പ്രവർത്തിയും പറയുകയും ചെയ്യുകയും ചെയ്യുക, വലിയ ലുബ്ധൻ എന്നീ അർത്ഥങ്ങൾ ഇതിനുണ്ട്. ചുരുക്കത്തിൽ ഈ ഒരു കല്പനയിൽ വ്യക്തിപരവും സാമൂഹികപരവുമായ തിന്മകളെ ഉന്മൂലനം ചെയ്തിരിക്കുകയാണ്. ഇതിലൂടെ വീട്ടിലും, ചുറ്റുപാടിലും, സമൂഹത്തിലും ലജ്ജയില്ലായ്മ വ്യാപിക്കുന്ന പ്രവർത്തനങ്ങളെ നിർമ്മാർജ്ജനം ചെയ്തിരിക്കുകയാണ്.

വ്യഭിചാരം എന്ന അർത്ഥത്തിൽ നാം ഇതിനെ എടുക്കുകയാണെങ്കിൽ ഈ പാപത്തിന് വിശുദ്ധ ഖുർആനിൽ വ്യക്തമായ ശിക്ഷവരെ വിധിച്ചിട്ടുള്ളതാണ്. ഈ നീചകൃത്യത്തിൽ അകപ്പെടുന്നവൻ വിവാഹിതനാണെങ്കിൽ തന്റെ ഭാര്യയുടെയും മക്കളുടെയും അവകാശങ്ങൾ മറക്കുന്നവനാണ്. ഈ നീചകൃത്യത്തിൽ അകപ്പെട്ടുകൊണ്ട് തന്റെ കടമകളെന്തെല്ലാമാണെന്ന് അവൻ മറന്നു കളയുന്നു. ഇനി ഇതിൽ ഉൾപ്പെടുന്നവൾ സ്ത്രീയാണെങ്കിൽ തന്റെ ഭർത്താവിന്റെയും മക്കളുടെയും അവകാശങ്ങളും അവരോടുള്ള കടപ്പാടുകളും മറക്കുന്നവളും അത് നിറവേറ്റാത്തവളുമായി മാറുന്നു. അവിവാഹിതനാണെങ്കിൽ സമൂഹത്തിൽ നിർലജ്ജവും വൃത്തികേടും പരത്തുന്നവനായി അവൻ മാറുന്നതാണ്. ചിലർ തെറ്റായ വാഗ്ദാനങ്ങൾ നൽകി അവിഹിത ബന്ധത്തിൽ ഏർപ്പെടുന്നു. അങ്ങനെ ബന്ധങ്ങൾ സ്ഥാപിക്കുന്നു. വീട്ടിലെയും കുടുംബത്തിലെയും അല്ലെങ്കിൽ സമൂഹത്തിന്റെ സമ്മർദ്ദത്തിന് വഴങ്ങി അല്ലെങ്കിൽ വ്യാജ വാഗ്ദാനങ്ങൾ കാരണമായി ഇടക്ക് വെച്ച് ആ ബന്ധത്തിൽ വിള്ളലുണ്ടാകുമ്പോൾ സ്ത്രീകളുടെ ജീവിതം തകർന്നടിയുന്നു. ഏഷ്യൻ സമൂഹത്തിൽ പുരുഷ ന്മാർക്ക് ഇത് മുഖേന വലിയ നഷ്ടം വരുന്നില്ല. കാരണം പുരുഷന്മാരുടെ കാര്യങ്ങൾ ഇവിടങ്ങളിൽ കൂടുതലും മറച്ചു വെക്കാൻ ശ്രമിക്കുന്നു. ഇങ്ങനെയുള്ള വാർത്തകൾ പത്രങ്ങളിൽ പൊതുവിൽ വരികയും ചെയ്യുന്നു. ഈ അവിഹിത ബന്ധത്തിൽ മക്കൾ പിറന്നിട്ടുണ്ടെങ്കിൽ കുട്ടികളുടെ അവകാശങ്ങൾ നൽകാതെ കുട്ടികളെ വധിക്കുന്നതിന് കാരണമായി ത്തീരുന്നു. ഇങ്ങനെയുള്ള കുട്ടികൾ വധിക്കപ്പെട്ടവരെ പോലെയായിത്തീരുന്നു.

യൂറോപ്പ്യൻ നാടുകളിൽ ഇങ്ങനെയുള്ള വല്ലതും അറിഞ്ഞാൽ കുട്ടികൾക്ക് അവരുടെ അവകാശം നേടിക്കൊടുക്കാൻ പരിശ്രമിച്ചു വരുന്നുണ്ട്.

എന്നാൽ പലരും അങ്ങനെയുള്ള മക്കളെ ശരിക്കും കൊന്നുകളയുന്നുണ്ട്. ദരിദ്രനാടുകളിൽ കുട്ടികൾക്കാണെങ്കിൽ ഒരു അവകാശവും ഇല്ല തന്നെ. ഈ നീചകൃത്യവും ഹീന പ്രവർത്തനവും ചെയ്യുന്നത് സമ്പന്നനാണെങ്കിൽ അവിടെ ഒരു നിയമവും തന്നെ ചോദിക്കില്ല. രണ്ട് ദിവസം മുമ്പ് പാക്കിസ്ഥാനിലെ ഒരു വാർത്ത പത്രങ്ങളിൽ വന്നിരുന്നു.ഒരു സ്ത്രീക്ക് അവിഹിത ബന്ധത്തിലൂടെ ഒരു കുട്ടി പിറന്നു. പോലീസ് വന്ന് ആ പാവപ്പെട്ട സ്ത്രീക്കെതിരിലാണ് കേസ്സെടുത്തത്. പുരുഷനെ ഒന്നും ചെയ്തില്ല. കാരണം അയാൾ സമ്പന്നനായിരുന്നു. ഇങ്ങനെയുള്ള ഒന്ന് രണ്ട് വാർത്തകൾ മാത്രമേ പുറത്ത് വരുന്നുള്ളൂ. ഇങ്ങനെയുള്ള എത്രയെത്ര സംഭവങ്ങൾ പല കുടുംബങ്ങളെയും തകർത്തിട്ടുണ്ടാകും! ഇതെല്ലാം തന്നെ നടക്കുന്നത് അല്ലാഹുവിന്റെ കല്പനയിൽ നിന്നും അകന്നതുകൊണ്ടാണ്. അന്യരെ നമുക്ക് കുറ്റം പറയാൻ കഴിയുമോ? മുസ്ലീംകൾ എന്ന് പറയുന്നവരുടെയും ഇസ്ലാമിക ശരീഅത്ത് നടപ്പിൽ വരുത്തുന്നുവെന്ന് വീമ്പിളക്കുന്നവരുടെയും അവസ്ഥയാണിത്. അവിടെ ഇങ്ങനെയുള്ള നീചകൃത്യങ്ങളാണ് നടക്കുന്നത്. അല്ലാഹു പറയുന്നു,

ഇങ്ങനെയുള്ള നീചകൃത്യങ്ങളുടെ സമീപത്തുകൂടി നിങ്ങൾ പോകരുത്. നീച കൃത്യങ്ങളിലേക്ക് പ്രേരിപ്പിക്കുന്ന എല്ലാ തരം പ്രവർത്തികളിൽ നിന്നും വിട്ട് നിൽക്കുക.

ഇക്കാലത്ത് ഇതിന്റെ വിവിധ വശങ്ങളുണ്ട്. ഇന്റർനെറ്റ് അതിലൊന്നാണ്. അശ്ലീല ഫിലിമുകൾ ഇതിൽ വരുന്നു. വെബ്സൈറ്റുകളുണ്ട്. ടി .വി യിൽ അശ്ലീല ഫിലിമുകൾ വരുന്നു. അശ്ലീലത നിറഞ്ഞ പത്രമാസികകളുണ്ട്. ഫോണോ ഗ്രാഫി പോലെയുള്ള അശ്ലീല മാസികകളെ കുറിച്ച് ഇവിടെ യും പ്രതിഷേധം ഉയരാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെയുള്ള മാഗസിനുകളെ കടകളിലും സ്റ്റാളുകളിലും പരസ്യമായി പ്രദർശിപ്പിക്കാൻ പാടില്ല എന്ന് പറയാൻ തുടങ്ങിയിരിക്കു ന്നു. കാരണം ഇത് കുട്ടികളുടെ സ്വഭാവത്തെ ദുശിപ്പിക്കുന്ന താണ്. ഇവർക്ക് ഇത് തടയാൻ ഇന്നാണ് ചിന്ത വന്നത്. എന്നാൽ വിശുദ്ധ ഖുർആൻ 1400 വർഷം മുമ്പേ ഈ കല്പന നൽകിയിട്ടുണ്ട്. ഇവയെല്ലാം നീചകൃത്യങ്ങളാണ്. ഇതിന്റെ സമീപത്തു പോലും നിങ്ങൾ പോകരുത്. ഇത് നിങ്ങളെ നീചരും നികൃഷ്ടരുമാക്കി മാറ്റുന്നതാണ്. ദൈവത്തിൽ നിന്നും നിങ്ങളെ അകറ്റും. ദീനിൽ നിന്നും നിങ്ങളെ അകറ്റും. മാത്രമല്ല നിയമലംഘകരാക്കി നിങ്ങളെ മാറ്റും.

ഇസ്ലാം ബാഹ്യമായ നിർലജ്ജ പ്രവർത്തികളിൽ നിന്ന് മാത്രമല്ല തടയുന്നത്. മറഞ്ഞിരിക്കുന്ന നിർലജ്ജ പ്രവർത്ത നങ്ങളിൽ നിന്നും വരെ തടയുന്നുണ്ട്. പർദ്ദയെ കുറിച്ച് കല്പി ച്ചിരിക്കുന്നതും ഇതിനു വേണ്ടിയാണ്. പർദ്ദയും മാന്യമായ വസ്ത്രവും ധരിക്കുന്നതിലൂടെ തുറന്ന രീതിയിൽ ഒരു തട സ്സവുമില്ലാതെയുള്ള സ്ത്രീ പുരുഷ ബന്ധപ്പെടലിന് തടസ്സം സൃഷ്ടിക്കപ്പെടുന്നു. ഇസ്ലാം ബൈബിൾ പറയുന്നതു പോലെ സ്ത്രീയെ നീ ദുരുദ്ദേശത്തോടു കൂടി നോക്കരുത് എന്നല്ല പറയുന്നത്. മറിച്ച് പറയുന്നത് കണ്ണും കണ്ണും തമ്മിൽ ഏറ്റുമുട്ടിയാൽ അടുക്കാൻ തുടങ്ങും. തുടർന്ന് ലജ്ജാഹീ നമായ പ്രവർത്തികളിൽ അകപ്പെട്ടു പോകും. അപ്പോൾ നന്മ തിന്മകളുടെ വിവേചനം ഇല്ലാതെയായിത്തീരും. അല്ലാഹു വും തിരുനബി (സ) യും നൽകിയ പാഠങ്ങളിൽ നിന്ന് മനസ്സി ലാകുന്നത് പരസ്യമായ ഇടപെടലുകൾ മുഖേന സ്ത്രീയും, പുരുഷനും, ആൺകുട്ടിയും, പെൺകുട്ടിയും ഒറ്റക്ക് കണ്ടു മുട്ടുമ്പോൾ അതിൽ മൂന്നാമൻ പിശാച് കൂടെയുണ്ടാകും എന്നാണ്.

ഇന്റർനെറ്റിനെ കുറിച്ച് ഞാൻ പറയുകയുണ്ടായി. ഇതിൽ ഫെയ്സ്ബുക്ക്, സ്കൈപ്പ് മുതലായവ മുഖേന ചാറ്റ് ചെയ്യാ റുണ്ട്. അവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പല വീടുകളും ഇതു മുഖേന തകർന്നതായി ഞാൻ കണ്ടിട്ടുണ്ട്. വളരെ ദുഃഖ ത്തോടുകൂടി ഞാൻ പറയട്ടെ. അഹ്മദികളിലും ഇങ്ങനെ യുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

നീചകൃത്യങ്ങളുടെ സമീപത്തു പോലും പോകരുതെന്ന അല്ലാഹുവിന്റെ കല്പനയെ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. കാരണം ശൈത്താൻ നിങ്ങളെ തന്റെ നിയന്ത്രണത്തിൽ ഒതു ക്കിവെക്കുന്നതാണ്. ചുരുക്കത്തിൽ നിങ്ങൾ തുറിച്ച് നോക്ക രുത് എന്ന് പറയാതെ, കണ്ണും കണ്ണും തമ്മിൽ ഇടയരുതെന്ന് പറഞ്ഞുകൊണ്ട് എപ്പോഴും ദൃഷ്ടി താഴോട്ട് പതിപ്പിക്കണം എന്നത് വിശുദ്ധ ഖുർആന്റെ കല്പനയുടെ മനോഹാരിത യാണ് പ്രകടമാക്കുന്നത്. ഈ കല്പന സ്ത്രീക്കും പുരുഷനും നൽകിയിട്ടുണ്ട്. നിങ്ങൾ ഇരുവരും ദൃഷ്ടി തഴേക്ക് പതിപ്പി ക്കുക. ദൃഷ്ടി താഴേക്ക് പതിപ്പിച്ചാൽ സ്വതന്ത്രമായ ഇടപെട ലിന് നിയന്ത്രണം വരും.

മറ്റൊരു കല്പന നീച പ്രവർത്തികളെ നോക്കരുതെന്നാണ്. നിർലജ്ജവും അനാവശ്യവും മോശവുമായ ഫിലിമുകൾ കാണുന്നതിൽ നിന്നും ഇത് തടയും. അതേ പോലെ സ്വാത ന്ത്രത്തിന്റെ പേരും പറഞ്ഞ് ഇങ്ങനെയുള്ള പ്രവർത്തന ങ്ങളിൽ താത്പര്യം കാണിക്കുകയും തങ്ങളുടെ കഥകളും സംഭവങ്ങളും കേൾപ്പിച്ച് മറ്റുള്ളവരെ ഇതിലേക്ക് പ്രേരിപ്പി ക്കുകയും ചെയ്യുന്നവരുമായി ബന്ധപ്പെടരുതെന്നും അവരുടെ കൂടെ ഇരിക്കരുതെന്നും ഈ കല്പനയിൽ അടങ്ങിയിരി ക്കുന്നു. സ്കൈപ്പിലും ഫേസ്ബുക്കിലും പുരുഷനും സ്ത്രീ യും പരസ്പരം സംസാരിക്കരുതെന്നും പരസ്പരം കാണ രുതെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു. പരസ്പരം ബന്ധ പ്പെടാനുള്ള മാർഗ്ഗങ്ങളാക്കി ഇവയെ മാറ്റുകയും ചെയ്യരുത്. അല്ലാഹു പറയുന്നു: പ്രത്യക്ഷവും പരോക്ഷവുമായ എല്ലാ തരം നീചകൃത്യങ്ങളിൽ നിന്നും വിട്ടു നിന്നിട്ടില്ലെങ്കിൽ നി ങ്ങൾ നിങ്ങളുടെ വികാരത്തിനടിപ്പെട്ടുകൊണ്ട് അതിൽ ഉൾ പ്പെട്ടു പോകും. അതിൽ ഉൾപ്പെട്ടാൽ നിങ്ങളുടെ ബുദ്ധിയും വിവേകവും എല്ലാം നഷ്ടപ്പെടും. അവസാനം അല്ലാഹുവി ന്റെ കല്പനയെ ലംഘിച്ചുകൊണ്ട് അവന്റെ കോപത്തിന് പാത്രമായിത്തീരുന്നതാണ്.

ഇക്കാലത്ത് മറ്റൊരു നീചവും നികൃഷ്ടവുമായ പ്രവർത്തി ക്കു കൂടി പ്രചാരണം നൽകിക്കൊണ്ടിരിക്കുകയാണ്. അത് മനുഷ്യ പ്രകൃതത്തിനെതിരാണെന്ന് മാത്രമല്ല, അതു കാര ണം ഒരു സമൂഹത്തെ തന്നെ അല്ലാഹു നശിപ്പിക്കുക കൂടി ചെയ്തിട്ടുണ്ട്. ഭരണകൂടങ്ങൾ സ്വവർഗവിവാഹത്തിന് നിയ മസാധ്യത നൽകുകയാണിപ്പോൾ. അതായത് നീചകൃത്യ ത്തിന് പ്രചോദനം നൽകുക മാത്രമല്ല അതിനെ പ്രചരിപ്പി ക്കാൻ സർക്കാർ തലത്തിൽ തന്നെ പരിശ്രമിക്കുകയും അതി നായി നിയമം നിർമ്മിക്കുകയും ചെയ്യുന്നു. ഏതു വരെയെ ന്നാൽ ഭരണതലവനായ പ്രധാനമന്ത്രി പറയുന്നത് ലോകം മുഴുവനും സ്വവർഗ്ഗ വിവാഹ നിയമം പാസ്സാക്കണം എന്ന താണ് ഞങ്ങൾ ആഗ്രഹിക്കുന്നത് എന്നാണ്. അതിനായി ലോകത്ത് ഞാൻ പ്രയത്നിക്കും എന്ന് പറയുന്നവരുമുണ്ട്. ഒരു പ്രധാനമന്ത്രിയിൽ നിന്നും ഇങ്ങനെയുള്ള പ്രസ്താവന യും വന്നിരുന്നു.

ഈ പ്രസ്താവന ശരിയാണെങ്കിൽ ഇവർ അല്ലാഹുവിന്റെ ശിക്ഷയെ മാടി വിളിക്കുകയാണ് ചെയ്യുന്നത്. ഒരു നാട്ടിൽ ഉന്നത സ്ഥാനം വഹിക്കുന്ന ഒരു പാതിരിയുണ്ട്. സൗത്ത് ആഫ്രിക്കയിലാണെന്ന് തോന്നുന്നു. ആഫ്രിക്കക്കാർ ഇതു വരെ പറഞ്ഞു നടന്നത് പ്രകൃതി വിരുദ്ധമായ ഇത്തരം വിവാ ഹം ഒരിക്കലും നടക്കരുതെന്നും ഇതിനു വേണ്ടി നിയമ സാധുത നൽകരുതെന്നുമാണ്. ഈ പാതിരി സാഹിബ് ബൈബിൾ പഠിക്കുകയും പ്രചരിപ്പിക്കുകയും പഠിപ്പിക്കുക യും ചെയ്യുന്ന ആളാണ്, മാത്രമല്ല ഇങ്ങനെയുള്ള കാരണ ത്താൽ ഒരു സമൂഹം നശിപ്പിക്കപ്പെട്ടു എന്ന് ബൈബിളിൽ പോലും എഴുതിയിട്ടുണ്ട്. എന്നിട്ടും അയാൾ പറയുന്നത് സ്വവർഗവിവാഹത്തിലുൾപ്പെട്ട ഇണകൾ സ്വർഗത്തിൽ പോ കുകയില്ലെങ്കിൽ ഞാൻ നരകത്തിൽ പോകാനാണ് ഇഷ്ട

പ്പെടുന്നത് എന്നാണ്. ഇവരുടെ അവസ്ഥയാണിത്. ഇക്കാലത്ത് ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്ന നീചകൃത്യത്തിന്റെ ദുരവസ്ഥയാണിത്.

അതിനാൽ ഈ നീചകൃത്യങ്ങൾ സമൂഹമദ്ധ്യേ പരസ്യമായി പ്രചരിപ്പിച്ചു കൊണ്ടിരുന്നാൽ, അല്ലാഹുവിന്റെ കല്പനകളിലേക്ക് ലോകർ ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ ഈ സമൂഹങ്ങളും അവയുടെ പര്യവസാനം കാണുന്നതാണ്. ഈ ലോകത്തെയും നരകമാക്കി മാറ്റുന്നതാണ്. പരലോകത്ത് അവരോട് എങ്ങനെ പെരുമാറുമെന്ന് അല്ലാഹുവിനേ ശരിയായ അറിവുള്ളൂ. ഇപ്പോഴുള്ള മെഡിക്കൽ റിസർച്ച് വ്യക്തമായി പറയുന്ന ഒരു കാര്യം എയ്ഡ്സ് രോഗം ഇങ്ങനെയുള്ളവരിലാണ് ഏറ്റവും വേഗത്തിൽ പരക്കുന്നതെന്നാണ്. അതായത് പുരുഷനും പുരുഷനും സ്ത്രീയും സ്ത്രീയും തമ്മിലുള്ള വിവാഹബന്ധത്തിൽ ഉൾപ്പെട്ടവരിലാണ് ഇത് കൂടുതൽ കണ്ട് വരുന്നത്.

അല്ലാഹു ശിക്ഷിക്കുന്ന രീതി വിവിധ തരത്തിലാണ്. ഒരു സമൂഹത്തെ കല്ലിന്റെ മഴ വർഷിപ്പിച്ചുകൊണ്ട് ശിക്ഷിച്ചെങ്കിൽ മറ്റു സമൂഹങ്ങളെയും ഇതേ രീതിയിൽ തന്നെ നശിപ്പിക്കണമെന്നില്ല. എച്ച്. ഐ. വി, അഥവാ എയ്ഡ്സ് എന്ന രോഗം വേദനാജനകവും ഭയാനകവുമായ അവസ്ഥയിലേക്കാണ് മനുഷ്യനെ ചെന്നെത്തിക്കുന്നത്. ലോകത്ത് എത്ര വേഗത്തിലാണോ ഈ നീചകൃത്യം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്, ഒരു അഹ്മദി ഇതിനെക്കാളും വേഗത്തിൽ തന്റെ ദൈവവുമായി ബന്ധം സ്ഥാപിക്കാൻ ശ്രമിക്കുക. അതോടൊപ്പം തന്നെയും ലോകത്തെയും ഭയാനകമായ ഈ രോഗത്തിന്റെ നാശത്തിൽ നിന്നും രക്ഷിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഭൗതികരായവർ സ്വയം നശിക്കാൻ തീരുമാനിച്ചുറച്ചിരിക്കുകയാണ്. ഇവർ രാഷ്ട്രീയലാഭത്തിന്റെ പേരിൽ അല്ലാഹുവിന്റെ കല്പനകളെ ലംഘിക്കുന്ന ഒരു സംഘം ആളുകളെ സന്തോഷിപ്പിക്കുന്നതിനായി ലോകത്ത് മുഴുവനും ഈ ലജ്ജാകരമായ പ്രവർത്തനം പ്രചരിപ്പിക്കുകയാണ്. ഇതിന്റെ പര്യവസാനം സർവ്വനാശമല്ലാതെ മറ്റൊന്നുമല്ല. ഇവരോടുള്ള സഹാനുഭൂതി കണക്കിലെടുത്ത് ഇവരോട് നാം ഇപ്രകാരം പറയണം, അല്ലാഹു വളരെയധികം കരുണ ചെയ്യുന്നവനും വളരെയധികം പൊറുത്തു കൊടുക്കുന്നവനുമാണ്. പൊറുക്കലിനുള്ള വഴി തുറന്നിട്ടിരിക്കുകയാണ്.,

പറയുന്നു. وَالَّذِيْنَ اِذَا فَعَلُوْا فَاحِشَةً اَوْ ظَلَمُوْٓا اَنْفُسَهُمْ ذَكَرُوا اللّٰهَ فَاسْتَغْفَرُوْا لِذُنُوْبِهِمْ ۖ وَمَنْ يَّغْفِرُ الذُّنُوْبَ اِلَّا اللّٰهُ ۗ

ഏതെങ്കിലും നീചകൃത്യത്തിൽ അകപ്പെടുകയോ സ്വന്തം ആത്മാവിനോട് അക്രമം പ്രവർത്തിക്കുകയോ ചെയ്തുപോയതിന് ശേഷം അല്ലാഹുവിനെ ഓർക്കുകയും പാപപ്പൊറുതി ആഗ്രഹിക്കുകയും ചെയ്താൽ അവർക്ക് അല്ലാഹു കൂടുതലായി പൊറുത്തു കൊടുക്കുന്നവനായി മാറുന്നതാണ്. നീച പ്രവർത്തികളിൽ വാശി പിടിച്ചിരിക്കാതെ, അല്ലാഹുവിനോടുള്ള ഭയം മനസ്സിലുണ്ടെങ്കിൽ അല്ലാഹു പൊറുത്തു കൊടുക്കുന്നതാണ്. അല്ലാഹുവല്ലാതെ പൊറുത്തു കൊടുക്കാൻ കഴിയുന്നവർ മറ്റാരുമില്ല.

ചുരുക്കത്തിൽ ഞാൻ തുടക്കത്തിൽ പറഞ്ഞ എല്ലാ തരം നീചകൃത്യങ്ങളിൽ നിന്നും സ്വയം രക്ഷപ്പെടുകയും രക്ഷപ്പെടാനുള്ള മാർഗം കാണിച്ചു കൊടുക്കുകയും ചെയ്യാൻ ഓരോ അഹ്മദിയും പരിശ്രമിക്കേണ്ടതാണ്. ഇത് നമ്മുടെ കടമയാണ്. അല്ലാഹു അതിക്രമകാരികളല്ലാത്തവർക്ക് പൊറുത്തു കൊടുക്കുന്നു.

ഹ: മസീഹ് മൗഊദ് (അ) പറയുന്നു: "നീചകൃത്യം ചെയ്യുകയോ തങ്ങളുടെ ആത്മാക്കളോട് അക്രമം പ്രവർത്തിക്കുകയോ ചെയ്തതിനു ശേഷം അല്ലാഹുവിനെ ഓർക്കുകയും അവനോട് തങ്ങളുടെ പാപങ്ങൾക്ക് പൊറുക്കലിനെ തേടുകയും തങ്ങൾ ചെയ്ത പാപത്തിൽ ഉറച്ച് നിൽക്കുകയും ചെയ്യാത്തവർക്ക് അല്ലാഹു അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുന്നതാണ്." നീചകൃത്യങ്ങളിൽ അകപ്പെട്ടിരിക്കുന്നവർക്ക് അല്ലാഹു ബുദ്ധി നൽകട്ടെ. അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അവർ രക്ഷപ്പെടട്ടെ. ഈ കാര്യത്തെ കുറിച്ച് വിവരിക്കേണ്ടത് വളരെ അത്യാവശ്യമായി ഞാൻ കരുതിയതു കൊണ്ടാണ് അൽപം വിശദീകരിച്ചത്. കാരണം ഈ ചോദ്യം ഇപ്പോൾ പലരും ചോദിച്ചുകൊണ്ടിരിക്കുന്നത്.

അടുത്ത കല്പന അല്ലാഹു ഈ വചനങ്ങളിൽ നൽകിയിരിക്കുന്നത് وَلَا تَقْتُلُوا النَّفْسَ الَّتِىْ حَرَّمَ اللّٰهُ എന്നാണ്.

അല്ലാഹു നിരോധിച്ച ഒരു ജീവനെയും നിങ്ങൾ വധിക്കരുത്. സമൂഹത്തിനോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കാണ് ഈ വചനം നിർദ്ദേശിക്കുന്നത്. തന്റെ സഹോദരങ്ങളുടെയും സുഹൃത്തുക്കളുടെയും താനുമായി ബന്ധപ്പെടുന്നവരുടെയും അവകാശങ്ങൾ നീതി പൂർവ്വം നിറവേറ്റുക. വധം എന്ന് പറഞ്ഞാൽ ജീവനെ ഇല്ലാതാക്കുക എന്നത് മാത്രമല്ലാ. ബന്ധങ്ങൾ വിച്ഛേദിക്കുക, അനീതിയോടു കൂടി മറ്റുള്ളവരുടെ വികാരത്തെ വൃണപ്പെടുത്തുക എന്നതും വധമാണ്. ഒരാളെ നിന്ദ്യനും അപമാനിതനുമാക്കി അവനെ ഇല്ലാതാക്കുന്ന രീതിയിൽ പെരുമാറുക എന്നതും വധത്തിന്റെ ഗണത്തിൽ ഉൾപ്പെടുന്നു. ആ വ്യക്തിയുടെ അത്മാഭിമാനത്തെ നശിപ്പിക്കുക എന്നതും വധത്തിന് തുല്യമാണ്. ആത്മീയമായ രീതിയിൽ വധവും നടക്കാറുണ്ട്. ഏതായിരുന്നാലും അല്ലാഹു പറയുന്നു: ഈ വിധത്തിലുള്ള സർവ്വ വധത്തെയും അല്ലാഹു തടയുന്നു. എല്ലാ വധത്തിന്റെയും അവസാന ഫലം സമൂഹത്തിൽ കുഴപ്പവും ഛിദ്രതയുമായിരിക്കും. ഇത് അല്ലാഹുവിന് തീരെ ഇഷ്ടമില്ലാത്തതാണ്.

അല്ലാഹു പറയുന്നു اِلَّا بِالْحَقِّ ۗ ശിക്ഷ നൽകപ്പെടേണ്ടവരൊഴികെ. അതിനും നിയമം കയ്യിലെടുക്കാനുള്ള അവകാശം ആർക്കുമില്ല. പ്രതികാരം ചെയ്യാനും ഉള്ളിലെ വിദ്വേഷവും പകയും പുറത്തെടുക്കാനായി നിയമം കയ്യിലെടുക്കാനുള്ള അവകാശമില്ല. ശിക്ഷ ലഭിക്കേണ്ടവർക്ക് അത് ലഭിക്കണം. കുറ്റവാളിക്ക് ചെയ്ത തെറ്റിനുള്ളത്ര ശിക്ഷ ലഭിക്കണം. ശിക്ഷ നൽകേണ്ടത് കുറ്റവാളി നന്നായിത്തീരുന്നതിന് വേണ്ടിയായിരിക്കണം. സമൂഹത്തിലെ ഉത്തമഭാഗമായി മാറി സമൂഹത്തിലെ കുഴപ്പവും ഫിത്നയും ഇല്ലാതാക്കാൻ ശ്രമിക്കുന്നവനായി മാറണം.

എന്നാൽ ഇവിടെ ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. ശിക്ഷ നൽകാനും പ്രതികാരം ചെയ്യാനുമുള്ള അവകാശം എല്ലാവർക്കുമില്ല. നിയമത്തിനാണ് ഇതിന്റെ അവകാശമുള്ളത്. നിയമം നീതി നടപ്പിൽ വരുത്തിക്കൊണ്ട് ശിക്ഷ നൽകും. അതല്ലാതെ അക്രമം പ്രവർത്തിച്ചുകൊണ്ടല്ല. എത്രമാ

ത്രമെന്നാൽ ഏതെങ്കിലും കൊലയാളിക്ക് നൽകുന്ന ശിക്ഷക്കുള്ള അവകാശം വധിക്കപ്പെട്ടവന്റെ ബന്ധുക്കൾക്ക് നൽകിയിട്ടില്ല. ഇതും നിയമമാണ് നടപ്പിൽ വരുത്തേണ്ടത്. ലോകർ ഇപ്പോഴാണ് നിയമം ഉണ്ടാക്കാൻ ശ്രമിക്കുന്നത്. എന്നാൽ അല്ലാഹു എത്രയോ മുമ്പേ ഇതിനുള്ള വിധി പറഞ്ഞിട്ടുണ്ട്. നീതി പാലിച്ചു കൊണ്ട് കുറ്റവാളികളെ ശിക്ഷിക്കുക എന്ന് അല്ലാഹു പറയുന്നു. നിയമമാണ് ഒരു കൊലയാളിക്ക് തൂക്കുകയർ നൽകുന്നതെങ്കിൽ നൽകുക. ഇതേ പോലെ സമൂഹത്തിൽ നിയമമാണ് മറ്റു തെറ്റുകൾക്കും ശിക്ഷ വിധിക്കുക.

വധത്തിന്റെ ഒരർത്ഥം ബന്ധങ്ങൾ വിച്ഛേദിക്കുക, സാമൂഹിക ബഹിഷ്കരണം നടത്തുക എന്നതാണെങ്കിൽ ഇതിനുള്ള അധികാരവും ഉത്തരവാദപ്പെട്ട സ്ഥാപനത്തിനാണുള്ളത്. നമ്മുടെ ജമാഅത്തിൽ ശിക്ഷ നൽകാനുള്ള സംവിധാനം ഉണ്ട്. ഇത് സംസ്ക്കരണത്തിന് വേണ്ടിയാണ്. ശിക്ഷ നൽകുന്നത് ശിക്ഷണത്തിന് വേണ്ടിയാണ്. അക്രമം കാണിച്ചു കൊണ്ടല്ല നൽകുന്നത്. കാരണം അതിക്രമം വധത്തിന് സമാനമാണ്. ഞാൻ പലപ്പോഴും ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യമുണ്ട്. ഇരു കക്ഷികൾക്കിടയിൽ പ്രശ്നം ഉണ്ടാകുകയും അങ്ങനെ അത് കേസ്സായിത്തീരുകയും അവർ നിയമ യുദ്ധത്തിന് തയ്യാറാവുകയും ചെയ്താൽ തീരുമാനം കല്പിക്കേണ്ട സ്ഥാപനം അവരുടെ ബുദ്ധിയുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ഒരാളെ കുറ്റക്കാരനായി വിധിക്കുന്നു. അവർക്ക് ശിക്ഷ നൽകാനായി ശുപാർശ ചെയ്യപ്പെടുന്നു. അപ്പോൾ എതിർ കക്ഷി അതായത് നഷ്ടം സംഭവിച്ച കക്ഷി ചിലപ്പോൾ പറയാറുള്ളത് ശിക്ഷ കുറച്ചാണ് നൽകിയത് എന്നാണ്. ശിക്ഷ കൂടുതലായി നൽകണം എന്ന് പറയും. അതായത് തീരുമാനം അവരുടെ ഇഷ്ടപ്രകാരം വേണമെന്നാണ് പറയുന്നത്. ഇങ്ങനെ ഇരുകക്ഷികൾക്കും തീരുമാനം കല്പിക്കാനുള്ള അധികാരം നൽകുകയാണെങ്കിൽ ഒരു വധത്തിന് ശേഷം അടുത്ത വധം നടന്നുകൊണ്ടിരിക്കും. വിശുദ്ധഖുർആൻ നമ്മോട് പറയുന്നത് ഇതിൽ നിന്നും നിങ്ങൾ രക്ഷപ്പെടുക എന്നതാണ്. ശിക്ഷ നൽകുന്നതിനുള്ള യഥാർത്ഥ ലക്ഷ്യം സമൂഹത്തിൽ നിന്ന് അക്രമത്തെ ഇല്ലാതാക്കുക എന്നതിനാണ്. സംസ്ക്കരണം സാധ്യമാക്കുക എന്നതിനാണ്. അക്രമിക്ക് തന്റെ അക്രമത്തിന്റെ ദുഷ്ഫലം എന്താണെന്ന് ബോധ്യപ്പെടുത്താനാണ്.

വിശ്വാസികൾക്കിടയിൽ ഇങ്ങനെയുള്ള പ്രശ്നം വന്നാൽ അവർക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുത്താൽ അവർ സമ്മതിക്കുകയും ചെയ്യുന്നു. അതിനാൽ ശിക്ഷ നൽകുന്നതിന്റെ അടിസ്ഥാന ലക്ഷ്യം സംസ്ക്കരിക്കപ്പെടണം എന്നതാണ്. ഇത് പരസ്പരമുള്ള പ്രശ്നം കാരണം സമൂഹത്തിൽ ഉണ്ടായിത്തീരുന്നതാണ്.

അടുത്ത കല്പനയിലേക്ക് ഞാൻ വരികയാണ്. അല്ലാഹു പറയുന്നു: وَلَا تَقْرَبُوْا مَالَ الْيَتِيْمِ اِلَّا بِالَّتِيْ هِيَ اَحْسَنُ

"യത്തീമുകളുടെ സമ്പത്തിനെ ഏറ്റവും ഉത്തമ മാർഗത്തിലൂടെയല്ലാതെ സമീപിക്കാനേ പാടില്ല"

ഇവിടെ അല്ലാഹു സമൂഹത്തിലെ ഏറ്റവും ദുർബല ജന വിഭാഗത്തിന്റെ അവകാശങ്ങളെക്കുറിച്ചാണ് പറയുന്നത്. അനാഥരുടെ സമ്പത്തിന്റെ സമീപത്തു പോലും പോകരുത് എന്നാണ് കല്പനയെങ്കിൽ അനാഥരുടെ സമ്പത്ത് നഷ്ടപ്പെട്ടു പോകാനും അത് കാരണമായിത്തീരുന്നതാണ്. അതുകൊണ്ടാണ് പറഞ്ഞത് ഏറ്റവും ഉത്തമരീതിയിലാണ് അതിനെ സമീപിക്കേണ്ടതെന്ന്. കഴിയുന്നത്ര ഒരു വിധ നഷ്ടവും വരാത്ത രീതിയിലായിരിക്കണം അതിനെ സമീപിക്കേണ്ടത്. യത്തീമിന്റെ സ്വത്തിനെ നശിപ്പിക്കുകയും വിറ്റ് മുടിക്കുകയും ചെയ്യുന്നതിന് വേണ്ടിയായിരിക്കരുത് അതിനെ സമീപിക്കുന്നത്. മറിച്ച് അനാഥന് അതിൽ നിന്നും കൂടുതൽ നേട്ടം ലഭിക്കാനായിരിക്കണം അത് ഉപയോഗിക്കേണ്ടത്.

അനാഥരുടെ സ്വത്ത് സംരക്ഷിക്കാനുള്ള ഏർപ്പാട് നിങ്ങൾ ചെയ്യണമെന്നത് നിർബന്ധ കല്പനയാണ്. ഒരു വിശ്വസ്ഥൻ എന്ന നിലക്ക് പരിപാലിക്കാൻ ആരെയാണോ ഏൽപ്പിച്ചിരിക്കുന്നത് അവർ യത്തീമിന്റെ സ്വത്തിനെ കുറിച്ച് ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്ത് അവരുടെ സ്വത്തിനെ സംരക്ഷിക്കേണ്ടതാണ്. സമൂഹവും നാട്ടിലെ നിയമവും അവരുടെ സ്വത്തിനെ സംരക്ഷിക്കേണ്ടതാണ്. അത് സംരക്ഷിക്കേണ്ടത് എങ്ങനെയാണെന്നതിന് വിവിധ മാർഗങ്ങളുണ്ട്. യത്തീമുകളുടെ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ബിസിനസ്സിൽ ഇറക്കാം. അതു മുഖേന യത്തീമിന് നേട്ടം ലഭിക്കണം. മാതാപിതാക്കളുടെ തണൽ ഇപ്പോൾ ഇല്ലാത്ത, ബുദ്ധി വളർച്ച എത്തിയിട്ടില്ലാത്ത, സമ്പത്ത് നഷ്ടപ്പെട്ടു പോകുമെന്ന് ഭയപ്പെടുന്ന ഈ സുഹൃത്തിന്റെ സമ്പത്ത് വർദ്ധിക്കുന്ന രീതിയിൽ അത് കച്ചവടത്തിൽ നിക്ഷേപിക്കുക.

ചുരുക്കത്തിൽ യത്തീമിന്റെ സമ്പത്ത് സംരക്ഷിക്കുക എന്ന കല്പന നൽകികൊണ്ട് അടുത്ത ബന്ധുക്കൾക്കും സമൂഹത്തിനും നൽകിയിരിക്കുന്ന ഭാരിച്ച ഉത്തരവാദിത്വമാണിത്. അല്ലാഹു മറ്റൊരു സ്ഥലത്ത് പറയുന്നു: ഈ ഉത്തരവാദിത്വം നിങ്ങൾ നിറവേറ്റാതെ പല ന്യായങ്ങളും പറഞ്ഞ് കൊണ്ട് അനാഥരുടെ സമ്പത്ത് തിന്ന് മുടിക്കാൻ ശ്രമിക്കുകയാണെങ്കിൽ അതിന് കഠിനമായ ശിക്ഷ ലഭിക്കുന്നതാണ്.

പറയുന്നു:

اِنَّ الَّذِيْنَ يَاْكُلُوْنَ اَمْوَالَ الْيَتٰمٰى ظُلْمًا اِنَّمَا يَاْكُلُوْنَ فِيْ بُطُوْنِهِمْ نَارًا ؕ

അക്രമം ചെയ്തു കൊണ്ട് അനാഥരുടെ സമ്പത്ത് തിന്ന് മുടിക്കുന്നവർ അവർ തീർച്ചയായും തങ്ങളുടെ വയറ്റിൽ തീയാണ് നിറക്കുന്നത്.

وَسَيَصْلَوْنَ سَعِيْرًا തീർച്ചയായും അവർ ജ്വലിക്കുന്ന അഗ്നിയിൽ പ്രവേശിക്കപ്പെടുന്നതാണ്.

വിശുദ്ധഖുർആന്റെ കല്പനകൾ ഒരു കക്ഷിയുടെ അവകാശം നേടിക്കൊടുക്കുന്നതും മറുകക്ഷിയുടെ അവകാശം ധ്വംസിക്കുന്ന തരത്തിലുമുള്ളതല്ല. അനാഥരുടെ സമ്പത്ത് തിന്ന് മുടിച്ച് നിങ്ങളുടെ വയറ്റിൽ തീകണൽ നിറക്കുകയാണെന്ന് പറഞ്ഞപ്പോൾ നീതിയുടെ നേട്ടം പൂർത്തിയാക്കികൊണ്ട് അമാനത്തിന്റെ എല്ലാ അവകാശങ്ങളും നിറവേറ്റികൊണ്ട് യത്തീമിന്റെ സമ്പത്തിൽ നിന്ന് വല്ലതും ചെലവഴിക്കുന്നുണ്ടെങ്കിൽ തന്നെ അത് അക്രമമല്ല എന്ന് പറയുന്നു. യത്തീമിന്റെ പരിപാലനത്തിനായി ചിലവഴിക്കപ്പെടുന്ന ചെലവ്, അവരുടെ വിദ്യാഭ്യാസത്തിനും മറ്റുമായി ചെലവഴിക്കാൻ അനുവാദമുണ്ട്. എന്നാൽ ഒരിക്കലും അക്രമം കാണിക്കരുത്. വിശ്വാസവഞ്ചന കാണിക്കരുത്.

പറയുന്നു: لَا تَاْكُلُوْهَآ اِسْرَافًا وَّبِدَارًا اَنْ يَّكْبَرُوْا ؕ അവർ മുതിർന്നവരായിത്തീരുമല്ലോ എന്ന ഭയത്താൽ അവരുടെ

സമ്പത്ത് അനുവദനീയമല്ലാത്ത രീതിയിൽ തിന്നു മുടിക്കരുത്. പറയുന്നു. وَمَنْ كَانَ غَنِيًّا فَلْيَسْتَعْفِفْ സാമ്പത്തികശേഷിയുള്ളവരാണെങ്കിൽ യത്തീമിന്റെ സമ്പത്തിൽ നിന്ന് ഒന്നും എടുക്കാതെ വിട്ടു നിൽക്കുക. ഇനി സമ്പത്ത് കുറഞ്ഞവരാണെങ്കിൽ വിദ്യാഭ്യാസത്തിനും മറ്റുമായി അനാഥന് വേണ്ട ചെലവുകൾ സ്വയം വഹിക്കാൻ കഴിയാത്തവരാണെങ്കിൽ പറഞ്ഞത് فَلْيَأْكُلْ بِالْمَعْرُوفِ അവർക്ക് ഉചിതമായ രീതിയിൽ അതിൽ നിന്നും എടുക്കാവുന്നതാണ് എന്നാണ്. ഉചിതമായതെന്ന് പറയുമ്പോൾ അതിന്റെ അർത്ഥം അനാഥന് വേണ്ടി ചെലവഴിക്കുന്ന അത്രയും തുക എന്നതാണ്.

ഇനി ഒരാൾ അനാഥന്റെ സ്വത്ത് സംരക്ഷിക്കുന്നതിലാണ് തന്റെ ജീവിതത്തിന്റെ വലിയൊരു ഭാരം കഴിച്ചു കൂട്ടുന്നത് എന്ന് വെക്കുക. അതോടൊപ്പം ഇതു കാരണം മറ്റു ജോലിയിലും തടസ്സം വരുന്നു. ജീവിതചിലവിലേക്കായി മറ്റു മാർഗങ്ങളുമില്ലെങ്കിൽ ഇതിന്റെ മേൽനോട്ടത്തിനായി ഏറ്റവും കുറഞ്ഞ രീതിയിലുള്ള നോട്ടക്കൂലി അവർക്ക് എടുക്കാവുന്നതാണ്. ഇതിൽ നിന്നും ചെലവഴിക്കാൻ ഇത്ര മാത്രം അനുവാദമുള്ളൂ. എന്നാൽ ആ സ്വത്തിനെ സംരക്ഷിക്കുകയും അതിനെ വർദ്ധിപ്പിക്കുകയും ചെയ്യാനുള്ള കല്പനയാണ് എപ്പോഴും മുമ്പിൽ വെക്കേണ്ടത്. യഥാർത്ഥ അമീനും മേൽനോട്ടക്കാരനുമായി അവരുടെ കടമകൾ നിറവേറ്റണം.

പറയുന്നു: حَتّٰى يَبْلُغَ اَشُدَّهٗ അവർ തങ്ങളുടെ പ്രായപൂർത്തിയിലെത്തി കാര്യപ്രാപ്തി കൈവരിക്കുന്നതു വരെ. തങ്ങളുടെ സമ്പത്തിന്റെ മേൽനോട്ടവും സംരക്ഷണവും എല്ലാം ശരിക്കും നടത്തികൊണ്ട് പോകാൻ പ്രാപ്തരായിത്തീർന്നാൽ അവർക്ക് സ്വത്ത് തിരിച്ചു നൽകുക. യത്തീമിന്റെ സമ്പത്തിന്റെ സംരക്ഷണം ഇവ്വിധമാണ് ചെയ്യേണ്ടത്. അവർ വിവേകത്തിന്റെ പ്രായം കൈവരിക്കുന്നതു വരെ അവരുടെ സമ്പത്തിനെ സംരക്ഷിക്കേണ്ടതാണ്. അത് നടത്തി കൊണ്ടു പോകാൻ പ്രാപ്തി കൈവരിച്ചു കഴിഞ്ഞാൽ അവരുടെ സമ്പത്ത് അവരെ തിരിച്ചേൽപ്പിക്കുക.

ഇവിടെ മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു യത്തീം പ്രായപൂർത്തി എത്തിക്കഴിഞ്ഞാലും ബുദ്ധിപരമായി നോക്കുമ്പോൾ തന്റെ സ്വത്ത് സംരക്ഷിക്കാനുള്ള പ്രാപ്തി കൈവരിച്ചിട്ടുണ്ടാവില്ല. അല്ലെങ്കിൽ മന്ദബുദ്ധിയായിരിക്കും. ഈ സന്ദർഭത്തിൽ സ്ഥിരമായി അവരുടെ സ്വത്ത് സംരക്ഷിക്കുക എന്ന ഉത്തരവാദിത്വം വരുന്നു. ചില മന്ദബുദ്ധികൾ വിവാഹ പ്രായമെത്തിയാൽ അവർ വിവാഹം കഴിക്കുകയാണെങ്കിൽ അതിൽ മക്കൾ ഉണ്ടാകുന്നു. അതിലെ കുട്ടികൾ പ്രായപൂർത്തി എത്തുന്നതുവരെ ബന്ധുക്കൾ, അല്ലെങ്കിൽ സമൂഹമോ ജമാഅത്തോ ഈ ഉത്തരവാദിത്വം നിറവേറ്റേണ്ടതാണ്. അവരുടെ സ്വത്ത് സംരക്ഷിക്കേണ്ടതാണ്.

ദുർബലരെയും ദരിദ്രരെയും സംരക്ഷിക്കുവാനുള്ള അല്ലാഹുവിന്റെ കല്പനകളെ വിശദീകരിച്ചു കൊണ്ട് ഹ: മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളിൽ സമ്പത്തുള്ള ബുദ്ധി പക്വത എത്തിയിട്ടില്ലാത്തവരുണ്ടെങ്കിൽ, ഉദാഹരണത്തിന് അനാഥർ, പ്രായപൂർത്തി എത്താത്തവർ എന്നിവർ - അവർ അജ്ഞത കാരണം അവരുടെ സമ്പത്ത് നശിപ്പിക്കും എന്ന ഭയം നിങ്ങൾക്കുണ്ടെങ്കിൽ കോർട്ട് ഓഫ് വാർഡ്സ് എന്ന നിലയിൽ അവരുടെ സമ്പത്ത് മുഴുവനും സൂക്ഷിപ്പുകാരൻ എന്ന നിലക്ക് നിങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരിക. കച്ചവടത്തിനും നിത്യ ജീവിതത്തിനുമാധാരമായിട്ടുള്ള ഈ സ്വത്ത് അവിവേകികളായവരുടെ കൈവശം ഏൽപ്പിക്കരുത്. ഈ സമ്പത്തിൽ നിന്ന് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനായി ഭക്ഷണം, വസ്ത്രം മുതലായവക്കുള്ള ചെലവ് അവർക്ക് നൽകുക. അവർക്ക് ഉചിതമായ കാര്യങ്ങൾ പറഞ്ഞു കൊടുക്കുക. ഇതു മുഖേന അവരുടെ ശിക്ഷണം നടക്കുമാറാകട്ടെ. അജ്ഞരും അനുഭവമില്ലാത്തവരുമായി അവർ മാറാതിരിക്കട്ടെ. ഇനി അവർ കച്ചവടക്കാരന്റെ മകനാണെങ്കിൽ അവർക്ക് കച്ചവടത്തിന്റെ വിദ്യകൾ പഠിപ്പിക്കുക. മറ്റു വല്ല തൊഴിലുമായി ബന്ധപ്പെട്ടവരാണെങ്കിൽ ആ തൊഴിലിൽ അവരെ പ്രാവീണ്യമുള്ളവരാക്കി മാറ്റുക.

ചുരുക്കത്തിൽ അവർക്ക് കൂടെ കൂടെ അറിവ് പകർന്ന് കൊടുക്കുക. നിങ്ങൾ പഠിപ്പിച്ച കാര്യങ്ങൾ അവർ ശരിക്കും ഉൾക്കൊണ്ടിട്ടുണ്ടോ എന്ന് ഇടക്കിടക്ക് പരിശോധിക്കുകയും ചെയ്യുക. ഇനി അവർ വിവാഹ പ്രായമെത്തിക്കഴിഞ്ഞാൽ അതായത് 18 വയസ്സ് എത്തിക്കഴിഞ്ഞാൽ, അവരുടെ സ്വത്ത് പരിരക്ഷിക്കാനുള്ള പ്രാപ്തി അവർ പ്രാപിച്ചെന്ന് നിങ്ങൾക്ക് ബോധ്യമായിക്കഴിഞ്ഞാൽ അവരുടെ സമ്പത്ത് അവരെ ഏൽപ്പിക്കുക. ധൂർത്തടിച്ച് കൊണ്ട് അവരുടെ സമ്പത്ത് ചെലവഴിക്കരുത്. ഇവർ വലുതായിക്കഴിഞ്ഞാൽ തങ്ങളുടെ സ്വത്ത് തിരിച്ചു ചോദിക്കല്ലേ എന്ന ഭയത്താൽ അവരുടെ സ്വത്തിന് നഷ്ടം വരുത്തരുത്. സമ്പന്നർ അവർ ചെയ്ത സേവനത്തിനുള്ള സേവനമൂല്യം എടുക്കരുത്. എന്നാൽ സമ്പന്നരല്ലാത്തവർ അവർക്ക് ഉചിതമായത് എടുക്കാവുന്നതാണ്.

അറേബ്യയിൽ സ്വത്ത് സംരക്ഷിക്കുന്നവർക്കായുള്ള നിയമം ഇതായിരുന്നു. യത്തീമുകളുടെ സ്വത്ത് സംരക്ഷിക്കുന്നവർ അതിൽ നിന്ന് വല്ലതും എടുക്കുമായിരുന്നെങ്കിൽ ആ സ്വത്തിനെ വ്യാപാരത്തിൽ ഇറക്കുകയും അങ്ങനെ അതിൽ നിന്ന് കിട്ടുന്ന ലാഭത്തിൽ നിന്ന് അവരുടെ ചെലവിനുള്ള തുക എടുക്കുകയും ചെയ്തിരുന്നു. മൂലധനത്തെ ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. ഇവിടെ നിങ്ങളും ഈ രീതിയിൽ ചെയ്യണമെന്നാണ് നിർദ്ദേശിക്കുന്നത്. യത്തീമിന്റെ സമ്പത്ത് തിരിച്ചു നൽകാൻ സമയം വന്നാൽ സാക്ഷികളുടെ മുമ്പാകെ അവരുടെ സ്വത്ത് തിരിച്ച് നൽകുക. ആർക്കെങ്കിലും മരണമാസന്നമാകുകയും അവരുടെ മക്കൾ ചെറുപ്രായവുമാണെങ്കിൽ കുട്ടികളുടെ അവകാശം ധ്വംസിക്കുന്ന രീതിയിലുള്ള വസിയ്യത്ത് അവർ ഒരിക്കലും ചെയ്യരുത്. യത്തീമിന്റെ സ്വത്ത് യത്തീമിനോട് അക്രമം ചെയ്യുന്ന രീതിയിൽ തിന്നു മുടിക്കുന്നവർ യഥാർത്ഥത്തിൽ ധനമല്ല തിന്നു മുടിക്കുന്നത് മറിച്ച് തീയാണ് തിന്നുന്നത്. അവസാനം കത്തിച്ച് ചാമ്പലാക്കുന്ന അഗ്നിയിൽ അവർ ഇടപ്പെടുന്നതാണ്."

"ഇവിടെ അല്ലാഹു വിശ്വസ്ഥതയുടെയും സൂക്ഷിപ്പിന്റെയും ഏതെല്ലാം വശങ്ങളാണ് വിവരിച്ചതെന്ന് നോക്കുക. അതിനാൽ യഥാർത്ഥ വിശ്വസ്ഥതയും സൂക്ഷിപ്പും എന്നത് ഈ എല്ലാ വശങ്ങളും ഉൾക്കൊള്ളുമ്പോഴാണ്. ബുദ്ധിയെ പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ട് വിശ്വസ്ഥതയിൽ എല്ലാ വശങ്ങളും പരിഗണിക്കുന്നില്ലെങ്കിൽ അങ്ങനെയുള്ള വിശ്വസ്ഥതയും സൂക്ഷിപ്പും വഞ്ചന ഉൾക്കൊള്ളുന്നതായിരിക്കും."

(വിശ്വസ്ഥതയുടെ എല്ലാ വശങ്ങളും പരിഗണിക്കുന്നില്ലെങ്കിൽ വിശ്വാസവഞ്ചന അതിൽ ഉണ്ടാകും.)

അതിനാൽ ഈ കടമ സൂക്ഷിച്ച് നിർവഹിക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ തഖ്‌വ സ്വായത്തമാക്കാൻ അല്ലാഹു വിവിധ സന്ദർഭങ്ങളിൽ പറയുന്നത് തന്നെ നിങ്ങൾ ഒരാത്മ പരിശോധന നടത്തുക എന്നതിനാണ്. ദുർബല ജനവിഭാഗത്തിന്റെ കടമകൾ നിങ്ങൾ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നോക്കണം. വിശ്വസ്ഥതയുടെയും സൂക്ഷിപ്പിന്റെയും ബാധ്യതകൾ നിറവേറ്റുന്നുണ്ടോ എന്ന് നോക്കുക. ഇതിന്റെ പിന്നിൽ വിശ്വാസ വഞ്ചന ഉണ്ടാകാൻ പാടില്ല. അത് തീനാളങ്ങളെ വയറിൽ നിറക്കുന്നതിന് സമാനമായിത്തീരുന്നതാണ്.

അടുത്ത കല്പന അല്ലാഹു നൽകുന്നത്

وَأَوْفُوا الْكَيْلَ إِذَا كِلْتُمْ وَزِنُوا بِالْقِسْطَاسِ എന്നാണ്. നീതിപൂർവ്വം അളവും തൂക്കവും കൃത്യമായി നൽകുക. ഇവിടെ തങ്ങളുടെ വ്യാപാരത്തെ നീതിയോടും വിശ്വസ്ഥതയോടും കൂടി നിർവ്വഹിക്കാനാണ് കല്പ്പിക്കുന്നത്. ആദ്യം അനാഥരുടെയും ദുർബലരുടെയും അവകാശം സ്ഥാപിക്കുകയുണ്ടായി. ആത്മാർത്ഥതയോടും വിശ്വസ്ഥതയോടും കൂടി അവരുടെ കടമകൾ നിറവേറ്റാനായി പറഞ്ഞു. ഇനി പരസ്പരമുള്ള ക്രയവിക്രയത്തെ സംശുക്തവും വിശ്വസ്ഥതയോടും കൂടി നിർവ്വഹിക്കാൻ കല്പിക്കുന്നു. ഒരു രീതിയി ലുമുള്ള വഞ്ചന പാടില്ല. മറുകക്ഷി അറിയാത്തവനാണെങ്കിൽ അപ്പോഴും വഞ്ചിക്കരുത്. തിരുനബി (സ) അരുളുകയുണ്ടായി: നിങ്ങൾ വല്ലതും വിൽക്കുമ്പോൾ അതിൽ വല്ല ന്യൂനതയും ഉണ്ടെങ്കിൽ അതിനെ മുമ്പിൽ വെക്കുക. അത് വാങ്ങുന്ന വ്യക്തിക്ക് ഈ ന്യൂനതയുണ്ടെന്ന് മനസ്സിലാകണം.

മറ്റൊരു സ്ഥലത്ത് വ്യാപാരത്തിൽ അളവും തൂക്കവും കൃത്യമായി നൽകുന്നതിനെ കുറിച്ച് അല്ലാഹു പറയുന്നു:

ذَٰلِكَ خَيْرٌ وَأَحْسَنُ تَأْوِيلًا ഇത് ഏറ്റവും നല്ലതും പര്യവസാനത്തിൽ ഏറ്റവും ഉത്തമവുമാകുന്നു. നല്ല കച്ചവടക്കാരന്റെ, ശരിയായ രീതിയിൽ അളവും തൂക്കവും നൽകുന്നവരുടെ പ്രശസ്തി വർദ്ധിക്കുന്നതാണ്. മാത്രമല്ല കൂടുതൽ ആളുകൾ സാധങ്ങൾ വാങ്ങാനായി വരികയും ചെയ്യുന്നു. ഇതു മുഖേന അദ്ദേഹത്തിന്റെ കച്ചവടം പുരോഗതിയുടെ പടവുകൾ കയറുന്നതാണ്. വഞ്ചനയുണ്ടെങ്കിൽ വ്യാപാരം തകരുന്നതാണ്.

മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: വഞ്ചന കുഴപ്പങ്ങൾക്ക് കാരണമാകുന്നു. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ വിശുദ്ധഖുർആൻ ഈ കല്പനകൾ വ്യക്തമായി നൽകുന്നതനുസരിച്ച് മുസ്‌ലിംകൾ വിശ്വസ്ഥത നഷ്ടപ്പെടുത്തുന്ന കാഴ്ചയാണ് നാം കാണുന്നത്. മുസ്‌ലിംകളുടെ വിശ്വസ്ഥതയുടെ നിലവാരം ആദ്യ കാലത്ത് എന്തായിരുന്നു എന്ന് നോക്കുക. ഒരാൾ തന്റെ കുതിരയെ വിൽക്കാനായി മാർക്കറ്റിൽ കൊണ്ടുവന്നു. അതിന്റെ വില 500 ദിർഹമാണെന്ന് പറഞ്ഞു. ഒരു സഹാബി ആ കുതിരയെ കാണുകയുണ്ടായി. അതിനെ ഇഷ്ടപ്പെടുകയും ചെയ്തു. എന്നിട്ട് പറഞ്ഞു: എനിക്ക് ഇതിനെ ഇഷ്ടപ്പെട്ടു, ഞാൻ ഇതിനെ വാങ്ങാൻ തീരുമാനിച്ചിരിക്കുന്നു. എന്നാൽ ഇതിന്റെ വില 500 ദിർഹം അല്ല. അപ്പോൾ കച്ചവടക്കാരൻ ചിന്തിച്ചത് ഒരു പക്ഷെ വില കുറക്കുമെന്നായിരിക്കും. എന്നാൽ ഇതിന് നേരെ വിപരീതമാണ് സംഭവിച്ചത്. വാങ്ങുന്ന ആൾ പറഞ്ഞു; കുതിര വളരെ നല്ല ഇനത്തിൽ പെട്ടതാണ്. അതിനാൽ ഇതിന്റെ വില 2000 ദിർഹം ആക്കേണ്ടതാണ്. അതുകൊണ്ട് രണ്ടായിരം ദിർഹം എന്നിൽ നിന്നും വാങ്ങുക. ഇവിടെ വാങ്ങുന്നവനും വിൽക്കുന്നവനും തമ്മിലുള്ള ചർച്ചയാണ് നടക്കുന്നത്. വിൽക്കുന്നവൻ 500 ദിർഹമിന് മുകളിൽ പോകുന്നില്ല. എന്നാൽ വാങ്ങുന്നവൻ 2000 ദിർഹമിന് താഴേക്കും വരുന്നില്ല. ഇതായിരുന്നു ആദ്യകാല മുസ്‌ലിംകളുടെ അവസ്ഥ. തിരുനബി(സ) യുടെയും തിരുസഹാബാക്കളുടെയും സാമീപ്യം സിദ്ധിച്ചവരായിരുന്നു അവർ.

ഹ: മുസ്‌ലിഹ് മൗഊദ് (റ) തന്റെ ഒരു സംഭവം വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന് 19,20 വയസ്സ് പ്രായമായപ്പോൾ ഉല്ലാസയാത്രക്കായി കാശ്മീരിൽ പോയി. അവിടെ കമ്പിളി കൊണ്ടുണ്ടാക്കുന്ന ഒരു തരം പരവതാനിയുണ്ട്. അത് വളരെ പ്രസിദ്ധമാണ്. അദ്ദേഹത്തിന് അത് ഇഷ്ടപ്പെട്ടു. കുറച്ച് ദിവസം അവിടെ തങ്ങുന്നുണ്ടായിരുന്നു. അവിടെയുള്ള നാട് ചുറ്റിക്കറങ്ങാനായി പുറത്തേക്ക് പോയി. ഏതൊരു പട്ടണത്തിലാണോ അദ്ദേഹം ഈ പരവതാനി കണ്ടിരുന്നത് അവിടെയുള്ള ഒരാളെ കാണുകയും അദ്ദേഹം പരവതാനി നിർമ്മിച്ച് നൽകുമെന്നും പറയുകയും ചെയ്തു. അപ്പോൾ ഖലീഫത്തുൽ മസീഹ് സാനി പറഞ്ഞു: എനിക്ക് മൂന്ന് നാല് പരവതാനി ഉണ്ടാക്കി നൽകണം. ഇത് നാട്ടിൽ ഓരോരുത്തർക്കും ഗിഫ്റ്റ് നൽകാനാണ്. എന്നിട്ട് അദ്ദേഹം അതിന്റെ അളവെല്ലാം പറഞ്ഞു കൊടുത്തു. അദ്ദേഹം പറയുന്നു: ഞാൻ തിരിച്ചു വന്നപ്പോൾ ഞാൻ പറഞ്ഞ അളവിനേക്കാളും എല്ലാ പരവതാനിയും നീളത്തിലും വീതിയിലും ചെറുതായിരുന്നു. വലിയ അന്തരമുണ്ടായിരുന്നു. 6 ഇഞ്ച് വരെ വ്യത്യാസമുണ്ടായിരുന്നു. അപ്പോൾ പരവതാനി ഉണ്ടാക്കിയ വ്യക്തിയോട് ചോദിച്ചു; ഞാൻ അളവു തന്നിരുന്നല്ലോ? ഇവിടെയിരിക്കുന്ന ഇയാൾക്കുമറിയാം, ഇദ്ദേഹം അതിന് സാക്ഷിയാണ്. എന്നിട്ടും നിങ്ങൾ അതനുസരിച്ച് ഉണ്ടാക്കിയില്ല. മാത്രമല്ല പൈസ അത്ര തന്നെ വേണമെന്ന് പറയുകയും ചെയ്യുന്നു. ഇത് കേട്ട് അയാൾ നാണിച്ച് പണം കുറച്ച് തന്നാൽ മതി എന്ന് പറയുന്നതിന് പകരം പറഞ്ഞത് ഞാൻ മുസ്‌ലിമാണ് എന്നാണ്. മുസ്‌ലിമായ എന്നോട് അങ്ങനെ ചെയ്തു ഇങ്ങനെ ചെയ്തു എന്നെല്ലാമാണോ താങ്കൾ പറയുന്നത്? ഇപ്പോൾ എന്ത് തെറ്റ് ചെയ്താലും അതിനെ മുസ്‌ലിമാണെന്ന് പറഞ്ഞ് അനുവദനീയമാക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

ഇത് പഴയ സംഭവമാണെന്ന് പറഞ്ഞ് തള്ളിക്കളയേണ്ട. അരിവ്യാപാരം ചെയ്യുന്ന ഒരു വ്യക്തി എന്നോട് പാകിസ്ഥാനികൾ നല്ല ബസ്മതി അരി പുറത്ത് വിൽക്കുമ്പോൾ അതിൽ വില കുറഞ്ഞ അരി മായം ചേർക്കുന്നത് എങ്ങിനെയാണെന്ന് പറയുകയുണ്ടായി. എട്ട് ഒമ്പത് ഇഞ്ച് നീളത്തിലുള്ള ടിന്നിന്റെ പൈപ്പ് എടുക്കും. അത് ചാക്കിന്റെ നടുവിൽ വെക്കും. ആ പൈപ്പിനകത്ത് കുറഞ്ഞ വിലയുള്ള അരി നിറക്കും. അതിന് ചുറ്റും നല്ല ഇനം അരി നിറക്കും. പുറമെ നിന്ന് നോക്കുമ്പോൾ നല്ല ഇനം അരിയായി അവർക്ക് തോന്നും. നല്ല ബസ്മതി അരിയായിരിക്കും. അതിന് ശേഷം പൈപ്പ് അവർ എടുത്ത് നീക്കും. ഇതെല്ലാമാണ് ഇപ്പോൾ വ്യാപാരത്തിന്റെ അവസ്ഥ.

ഇതു കാരണം ഇന്ത്യൻ മാർക്കറ്റുകൾ അരിവ്യാപാരം പൂർണ്ണമായും പിടിച്ചെടുക്കുകയുണ്ടായി. ഇന്ത്യൻ അരി പാക്കി

സ്ഥാൻ അരിയേക്കാളും മേന്മ കുറഞ്ഞതാണ്. ഇപ്പോൾ ചില കയറ്റുമതിക്കാർ പാക്കിസ്ഥാൻ കയറ്റുമതിക്കാരിൽ നിന്ന് വാങ്ങുന്നുണ്ടാകാം. കാരണം അഹ്മദികളും അരി വാങ്ങുന്നുണ്ട്. അത് അവർ പരിശോധിച്ചിട്ടാണ് വാങ്ങുന്നത്. എന്നാൽ മറ്റു പുറം മാർക്കറ്റിലുള്ളവർ പാക്കിസ്ഥാനിൽ നിന്നും അരി വാങ്ങുന്നത് പൂർണ്ണമായും ഉപേക്ഷിച്ചിരിക്കുകയാണ്. കാരണം അവർ വഞ്ചന കാണിക്കുന്നുണ്ടെന്ന് എല്ലാവർക്കും അറിയാം. അതു കാരണം ഇന്ത്യൻ കയറ്റുമതിക്കാരാണ് അരി വാങ്ങുന്നതും പുറം മാർക്കറ്റുകളിൽ വിൽക്കുന്നതും. ഇങ്ങനെ വഞ്ചന കാണിക്കുന്നതു കൊണ്ട് വ്യാപാരത്തിൽ ഒരു ബർക്കത്തും ഉണ്ടാകുകയില്ലെന്ന് ഇവർ ചിന്തിക്കുന്നു പോലുമില്ല. പാക്കിസ്ഥാനിൽ വ്യാപാരമെല്ലാം തകർന്നു പോയിരിക്കുകയാണ്.

ഒരു ഹദീസിൽ വരുന്നു. തിരുനബി (സ) പറഞ്ഞു: "ക്രയവിക്രയം നടത്തുന്നവർ സത്യം പറയുകയും വല്ല ന്യൂനതയും കച്ചവട ചരക്കിൽ ഉണ്ടെങ്കിൽ അത് പറയുകയും ചെയ്താൽ അല്ലാഹു അവരുടെ വ്യാപാരത്തിൽ ബർക്കത്ത് ഇടുന്നതാണ്." ഇരുവരും വഞ്ചന കാണിക്കുകയാണെങ്കിൽ ഏതെങ്കിലും ന്യൂനതയെ മറച്ചു വെക്കുകയും ചെയ്താൽ അല്ലെങ്കിൽ മറിമായം നടത്തുകയാണെങ്കിൽ ഈ വ്യാപാരത്തിൽ നിന്നും ബർക്കത്ത് എടുത്ത് മാറ്റപ്പെടുന്നതാണ്.

ബർക്കത്ത് കരസ്ഥമാക്കണമെന്നുണ്ടെങ്കിൽ, വിശ്വസ്ഥതയുടെ കടമകൾ നിറവേറ്റേണ്ടതായിവരും. ഈ കടമകൾ നിറവേറ്റിക്കൊണ്ട് വ്യാപാരം നടത്തുകയാണ് ഒരു യഥാർത്ഥ വിശ്വാസി ചെയ്യേണ്ടത്. ഒരു ഹദീസിൽ തിരുനബി (സ) പറയുകയുണ്ടായി: ആർക്കെങ്കിലും നൽകാനായി തൂക്കുമ്പോൾ കൂടുതൽ തൂക്കുക. അൽപം കൂടിയാലും പ്രശ്നമില്ല. ചുരുക്കത്തിൽ വ്യാപാര രംഗത്ത് ഒരു മുസ്‌ലിം സ്വീകരിക്കേണ്ട നയമാണിത്. ഇതേ പോലെ ശരിയായ രീതിയിൽ വ്യാപാരം നടത്തുന്ന വ്യാപാരിയുടെ സ്ഥാനം എന്താണെന്നും എത്ര മാത്രം ഉന്നതമാണെന്നും തിരുനബി (സ) യുടെ ഈയൊരു നിർദ്ദേശത്തിൽ നിന്നും മനസ്സിലാകുന്നതാണ്. പറയുന്നു: സത്യസന്ധനും വിശ്വസ്ഥനുമായ കച്ചവടക്കാരൻ നബിമാരുടെയും സിദ്ദീഖീങ്ങളുടെയും സ്വാലിഹീങ്ങളുടെയും സാമീപ്യം കരസ്ഥമാക്കുന്നവരായിരിക്കും.

തിരുനബി (സ) യുമായി തങ്ങളെ ബന്ധിപ്പിക്കുന്നവർക്ക് അല്ലാഹുവിന്റെ കല്പനകളുടെയും തിരുനബി (സ) യുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തങ്ങളുടെ വ്യാപാരങ്ങളിലെ വിശ്വസ്ഥതയും സത്യസന്ധതയും സ്ഥാപിക്കാൻ അല്ലാഹു തൗഫീഖ് നൽകട്ടെ. നാം ഓരോരുത്തരും ഒരാത്മ പരിശോധന നടത്തേണ്ടതാണ്. അഹ്മദികൾ പലരും പല വ്യാപാരവും ചെയ്യുന്നവരാണ്. അല്ലാഹുവിന്റെ കല്പനയനുസരിച്ച് നാമും പ്രവർത്തിക്കുന്നുണ്ടൊ എന്ന് നോക്കുക. ദുർബലരുടെ കടകൾ നാമും നിറവേറ്റുന്നുണ്ടോ? നമ്മുടെ വ്യാപാരങ്ങളിൽ നീതിയും വിശ്വസ്ഥതയും നാമും പാലിക്കുന്നുണ്ടോ? സമൂഹത്തിലെ എല്ലാവരുടെയും അവകാശങ്ങൾ നൽകുന്നുന്നവരാണോ നാം. തിന്മകളിൽ നിന്നും നമ്മെ രക്ഷിക്കുന്നവരാണൊ നാം. റമദാൻ വരുമ്പോൾ നന്മ ചെയ്യുന്നതിലേക്ക് താത്പര്യം ഉണ്ടാകുന്നു. ഇവ്വിധ കാര്യങ്ങളിലേക്കും ശ്രദ്ധ ഉണ്ടായിത്തീരേണ്ടതാണ്. അല്ലാഹു തടഞ്ഞ എല്ലാ തരം തിന്മകളിൽ നിന്നും വിട്ടു നിൽക്കുന്നവരായി നാം ഓരോരുത്തരും മാറട്ടെ.

## PRINTED BOOKS

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 August 2 at : Baitul Futuh, UK
Translation: M.Nasir Ahmad, Kodiyathur - 09497343704

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**